2026
MARCH
18
WEDNESDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# അറബിക്കടലിലെ സീമൗണ്ട് മത്സ്യയിനങ്ങളെ പഠിക്കാൻ ആഴക്കടൽ ഗവേഷണവുമായി സിഎംഎഫ്ആർഐ

**കൊച്ചി:** അറബിക്കടലിന്റെ അടിത്തട്ടിൽ ഉയർന്ന് നിൽക്കുന്ന മലകളോട് (സീമൗണ്ട്) ചേർന്ന് കാണപ്പെടുന്ന കൂന്തൽ, കണവ, നീരാളി വർഗയിനങ്ങളുടെ ലഭ്യതയും ജൈവവൈവിധ്യവും പഠനവിധേയമാക്കുന്ന ആഴക്കടൽ ഗവേഷണത്തിന് കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) തുടക്കമിട്ടു. കേന്ദ്ര ഭൗമശാസ്ത്ര മന്ത്രാലയത്തിന്റെ ധനസഹായത്തോടെ രണ്ട് വർഷം നീണ്ടുനിൽക്കുന്നതാണ് 4.986 കോടി രൂപയുടെ ഗവേഷണ പദ്ധതി.

സീമൗണ്ട് കേന്ദ്രീകരിച്ച് വസിക്കുന്ന കൂന്തൽ, കണവ, നീരാളി തുടങ്ങിയവയുടെ വൈവിധ്യം, പരിസ്ഥിതി, ലഭ്യത, ജീവിതരീതികൾ എന്നിവ പഠനം നടത്തും. ഈ മത്സ്യയിനങ്ങളെ തിരിച്ചറിയാൻ നിർമ്മിത ബുദ്ധി അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ സംവിധാനങ്ങൾ വികസിപ്പിക്കും. കേന്ദ്ര സർക്കാരിന്റെ ഡീപ് ഓഷ്യൻ മിഷന്റെ വെർട്ടിക്കൽ3 പ്രകാരം സൂരത്ത്കൽ നാഷണൽ ഇൻസ്റ്റിറ്റിയൂട്ട് ഓഫ് ടെക്നോളജിയുമായി സഹകരിച്ചാണ് സിഎംഎഫ്ആർഐ പദ്ധതി നടപ്പിലാക്കുന്നത്.



പദ്ധതിയുടെ ഭാഗമായുള്ള ആദ്യഘട്ട പര്യവേക്ഷണം രണ്ട് ഗവേഷണ സംഘങ്ങളുടെ നേതൃത്വത്തിൽ നടന്നു. കൊച്ചിയിൽ നിന്ന് സിഎംഎഫ്ആ.ഐയുടെ ഗവേഷണ യാനമായ എഫ്.വി. സിൽവർ പോംപാനോയിൽ പുറപ്പെട്ട സംഘം സീനിയർ സയന്റിസ്റ്റ് ഡോ ദിവ്യ വിശ്വംഭരന്റെയും സയന്റിസ്റ്റ് എം കവിതയുടെയും നേതൃത്വത്തിൽ സർവേ നടത്തി. സമാന്തരമായി കൊല്ലം അഴീക്കൽ ഹാർബറിൽ നിന്നും പുറപ്പെട്ട സംഘത്തിന് പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വി. വെങ്കിടേശൻ നേതൃത്വം നൽകി. ആഴക്കടലിലെ ഇത്തരം മത്സ്യയിനങ്ങളെ കൃത്യമായി മനസ്സിലാക്കാനും അതുവഴി അവയുടെ സംരക്ഷണത്തിന് ആവശ്യമായ നടപടികൾ ആവിഷ്കരിക്കുന്നതിനും ഈ പഠനം സഹായകരമാകുമെന്ന് ഗവേഷണ പദ്ധതിയുടെ പ്രിൻസിപ്പൽ ഇൻവസ്റ്റിഗേറ്ററായ ഡോ ഗീത ശശികുമാർ പറഞ്ഞു. സി.എം.എഫ്.ആർ.ഐയുടെ മംഗളൂരു റീജിയണൽ സെന്ററുമായി ചേർന്നാണ് പദ്ധതി നടപ്പിലാക്കുന്നത്. കടൽ അടിത്തട്ടിൽ നിന്ന് 100 മീറ്ററിലധികം ഉയരമുള്ളതാണ് സീമൗണ്ടുകൾ അഥവാ കടലിനടിയിലെ മലകൾ. സമുദ്രോപരിതലത്തിന് താഴെയും സമുദ്രത്തിനടിയിലുമായി കാണപ്പെടുന്ന വൈവിധ്യമാർന്ന ജീവജാലങ്ങളുടെ കേന്ദ്രങ്ങളായിട്ടാണ് ഇവയെ കണക്കാക്കുന്നത്. ചുറ്റുമുള്ള മറ്റ് ഭാഗങ്ങളെ അപേക്ഷിച്ച്, ആഴക്കടലിൽ വസിക്കുന്ന സസ്യജാലങ്ങളുടെയും വിവിധയിനം മത്സ്യങ്ങളുടെയും വലിയൊരു ശേഖരം തന്നെ ഈ സീമൗണ്ടുകളിൽ കാണപ്പെടുന്നു. സവിശേഷമായ ഭൂപ്രകൃതിയും പാരിസ്ഥിതിക പ്രത്യേകതകളും കാരണം സമുദ്ര ആവാസവ്യവസ്ഥയിൽ സീമൗണ്ടുകൾക്ക് ഏറെ പ്രാധാന്യമുണ്ട്.

## പാചകവാതക ക്ഷാമം: ഹോട്ടലുടമകൾ സമരത്തിലേക്ക്; 23ന് ഹോട്ടലുകൾ അടച്ചിടും




**കൊച്ചി :** ഹോട്ടലുകളെ അവശ്യസർവ്വീസായി പ്രഖ്യാപിച്ച് പാചകവാതകം ഹോട്ടലുകൾക്കും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശക്തമായ സമരപരിപാടികൾ നടത്തുവാൻ കേരള ഹോട്ടൽ ആന്റ് റസ്റ്റോറന്റ് അസോസിയേഷൻ സംസ്ഥാന എക്സിക്യൂട്ടീവ് യോഗം തീരുമാനിച്ചു. ഹോട്ടലുകളെ മുൻഗണനാപട്ടികയിൽ ഉൾപ്പെടുത്തി പാചകവാതകം വിതരണം ചെയ്യണമെന്നാവശ്യപ്പെട്ട് മാർച്ച് 19ന് എണ്ണകമ്പനികളുടെ ബോട്ടിലിംഗ് പ്ലാന്റിലേക്ക് മാർച്ച് നടത്തുവാനും, മാർച്ച് 23ന് സംസ്ഥാനവ്യാപകമായി ഹോട്ടലുകൾ അടച്ചിട്ട് സൂചന പണിമുടക്ക് നടത്തുവാനും തീരുമാനിച്ചതായി പ്രസിഡന്റ് ജി. ജയപാലും, ജനറൽ സെക്രട്ടറി എൻ. അബ്ദുൾ റസാഖും അറിയിച്ചു. വാണിജ്യ സിലിറുകൾ വിതരണം ചെയ്യുവാൻ എണ്ണക്കമ്പനികൾക്ക് നിർദ്ദേശം ലഭിച്ചിട്ടും മുൻഗണനാപട്ടികയിൽ ഹോട്ടലുകളെ ഉൾപ്പെടുത്താത്തിനാൽ ഹോട്ടലുകൾക്ക് സിലിണ്ടറുകൾ വിതരണം ചെയ്യുന്നില്ല. പ്രൈവറ്റ് കമ്പനികൾ അവസരം മുതലാക്കി ഗ്യാസിന് വൻ വിലവർദ്ധനവ് വരുത്തിയിരിക്കുകയാണ്. ഒരുവിധത്തിലും പിടിച്ചു നിൽക്കാനാവാതെ ഹോട്ടലുകൾ അടഞ്ഞുപോകുന്നു. ലക്ഷകണക്കിനാളുകളെ നേരിട്ട് ബാധിക്കുന്ന വിഷയമായിട്ടും കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഇക്കാര്യത്തിൽ നിസംഗത പുലർത്തുകയാണെന്നും ഭാരവാഹികൾ പറഞ്ഞു.

## യുവ ഇന്ത്യൻ വിങ്ങർ ടൈസൺ സിംഗിനെ സ്വന്തമാക്കി കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി




**കൊച്ചി:** ഐഎസ്എൽ 2025-26 സീസണിന്റെ ഭാഗമായി യുവ വിങ്ങർ ടൈസൺ സിംഗിനെ കേരള ബ്ലാസ്റ്റേഴ്സ് എഫ്.സി സ്വന്തമാക്കി. നിലവിൽ നടന്നുകൊണ്ടിരിക്കുന്ന സീസണിൽ കളിക്കുന്നതിനായി താരം ഇതിനോടകം തന്നെ ടീമിനൊപ്പം ചേർന്നു കഴിഞ്ഞു. മോഹൻ ബഗാൻ സൂപ്പർ ജയന്റിന്റെ റിസർവ് ടീമിൽ നിന്നാണ് ഇരുപത്തിയൊന്നുകാരനായ ടൈസൺ ബ്ലാസ്റ്റേഴ്സിലേക്ക് എത്തുന്നത്. ആക്രമണ ഫുട്ബോളിൽ ശ്രദ്ധേയനായ ടൈസൺ, വിങ്ങുകളിൽ മികവ് പുലർത്തുന്നതിനൊപ്പം മധ്യനിരയിലും മുന്നേറ്റനിരയിലും ഒരുപോലെ തിളങ്ങാൻ കെൽപ്പുള്ള താരമാണ്.

മണിപ്പൂരിൽ നിന്നുള്ള ഈ യുവതാരം ഇന്ത്യയുടെ അണ്ടർ 20 ദേശീയ ടീമിനെ പ്രതിനിധീകരിച്ചിട്ടു്. ഐ ലീഗ്, റിലയൻസ് ഫൗണ്ടേഷൻ ഡെവലപ്മെന്റ് ലീഗ്, മറ്റ് പ്രധാന കപ്പ് ടൂർണമെന്റുകൾ എന്നിവയിൽ കളിച്ച് മികച്ച പരിചയസമ്പത്തുമായാണ് ടൈസൺ ബ്ലാസ്റ്റേഴ്സിലെത്തുന്നത്. ചണ്ഡീഗഡ് ഫുട്ബോൾ അക്കാദമിയിലൂടെ വളർന്ന ടൈസൺ, 202021 സീസണിൽ എഐഎഫ്എഫിന്റെ ഇന്ത്യൻ ആരോസിലൂടെയാണ് പ്രൊഫഷണൽ കരിയർ ആരംഭിച്ചത്. പിന്നീട് 202223 സീസണിൽ മോഹൻ ബഗാൻ റിസർവ് ടീമിലെത്തി. ഈ പ്രായവിഭാഗത്തിലെ ഏറ്റവും മികച്ച പ്രതിഭകളിൽ ഒരാളായ ടൈസണെ ക്ലബ്ബിലേക്ക് സ്വാഗതം ചെയ്യുന്നതിൽ സന്തോഷമുണ്ടെന്ന് കേരള ബ്ലാസ്റ്റേഴ്സ് സിഇഒ അഭിക് ചാറ്റർജി പറഞ്ഞു.

# ഇന്നത്തെ പരിപാടി

## കൊച്ചി

- **കലൂർ സ്റ്റേഡിയം ഓപ്പൺ ജിം :** എറണാകുളം പ്രസ്ക്ലബ് രാജഗിരി ആശുപത്രിയുമായും വി ഗാർഡുമായും സഹകരിച്ച് വനിതാ മാധ്യമപ്രവർത്തകർക്കായി സംഘടിപ്പിക്കുന്ന സ്പെഷ്യൽ സ്ക്രീനിംഗ് ടെസ്റ്റ് രാവിലെ 10ന്.
- **കാക്കനാട് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ കാര്യാലയം :** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ നിയോജകമണ്ഡലത്തിലെ രാഷ്ട്രീയപാർട്ടികളുടെ യോഗം ഉച്ചക്ക് 3.30 ന്

## അങ്കമാലി

- **അങ്കമാലി താലൂക്ക് ആശുപത്രി :** നഗരസഭ, താലൂക്കാശുപത്രി എന്നിവർ ചേർന്ന് വനിതകൾക്കുവേണ്ടി അർബുദ പരിശോധനാ ക്യാമ്പ് രാവിലെ 9.30 മുതൽ.

## കോതമംഗലം

- **തൃക്കാരിയൂർ മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.
- **തിരുവാരപ്പെട്ടി മഹാദേവ ക്ഷേത്രം :** ഉത്സവം പുലർച്ചെ 5 മുതൽ.
- **കോതമംഗലം ദേവഗിരി ശ്രീനാരായണ ഗുരുദേവ ക്ഷേത്രം :** പ്രതിഷ്ഠാ ഉത്സവം രാവിലെ 6 മുതൽ.

## തൃപ്പൂണിത്തുറ

- **തൃപ്പൂണിത്തുറ സെന്റ് മേരീസ് ഫൊറോന പള്ളി :** യൗസേപ്പിതാവിന്റെ മരണത്തിരുനാൾ. രാവിലെ 5.30 മുതൽ.

## കുമ്പളം

- **സഞ്ജീവനി മഠം ശ്രീശാസ്താഞ്ജനേയ മന്ദിരം :** കെ. ജെ. ബാലകൃഷ്ണൻ എമ്പ്രാന്തിരിയുടെ മുഖ്യകാർമികത്വത്തിൽ രാവിലെ 6 മുതൽ പിതൃപ്രീതിക്കായി തിലഹോമം നടക്കും.

## പള്ളുരുത്തി

- **കുമ്പളങ്ങി സെന്റ് ജോസഫ് പള്ളി :** ഇടവക മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ തിരുനാൾ. രാത്രി 7ന് വികാരി ഫാ. ആന്റണി നെടുംപറമ്പിൽ കൊടി ആശീർവദിക്കും.

# ലഹരിക്കെതിരെ കൊച്ചി റൺ 22 ന്

**കൊച്ചി:** കൊച്ചി സെൻട്രൽ ഗവൺമെന്റ് ഓഫീസേഴ്സ് അസോസിയേഷൻ സംഘടിപ്പിക്കുന്ന ലഹരിക്കെതിരായ ലുലു സി ജി ഒ എ കൊച്ചി റൺ മാർച്ച് 22 ന് രാവിലെ പനമ്പിള്ളി നഗർ ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിൽനിന്ന് ആരംഭിക്കും. 10 കിലോമീറ്റർ മത്സര വിഭാഗവും 5 കിലോമീറ്റർ ഫൺ റണ്ണും ആണ് സംഘടിപ്പിക്കുന്നത്. 10 കിലോമീറ്റർ വിഭാഗം രാവിലെ 5 30 ന് ജില്ലാ കളക്ടർ ജി പ്രിയങ്കയും, അഞ്ചു കിലോമീറ്റർ വിഭാഗം 6 മണിക്ക് കസ്റ്റംസ് കമ്മീഷണർ ഗുർകരൺ സിംഗ് ബെയ്ൻസും ഉദ്ഘാടനം നിർവഹിക്കും. ഫ്ളാഗ് ഓഫിന് മുമ്പായി സി ജി ഒ എ പ്രസിഡ് എസ് അനന്തനാരായണൻ ഓട്ടക്കാർക്ക് ലഹരി വിരുദ്ധ പ്രതിജ്ഞ ചൊല്ലിക്കൊടുക്കും. മുൻ കസ്റ്റംസ് ചീഫ് കമ്മീഷണർ ഡോക്ടർ കെ. എൻ രാഘവൻ, കസ്റ്റംസ് കമ്മീഷണർ ഗുർകരൺ സിംഗ് ബെയ്ൻസ്, ജില്ലാ കളക്ടർ ജി പ്രിയങ്ക, ഡെപ്യൂട്ടി കമ്മീഷണർ ഓഫ് പോലീസ് അശ്വതി ജിജി, ഡിസിപി (ലോ ആൻഡ് ഓർഡർ) ഓർഡർ ഷഹൻഷാ കെ എസ് തുടങ്ങിയവർ ഓട്ടത്തിൽ പങ്കെടുക്കും. ഇത് രണ്ടാമത്തെ വർഷമാണ് സെൻട്രൽ ഗവൺമെന്റ് ഓഫീസേഴ്സ് അസോസിയേഷൻ ലഹരിക്കെതിരായ ഓട്ടം സംഘടിപ്പിക്കുന്നത്. കേരളത്തിലെ ആദ്യത്തെ ബ്ലേഡ് റണ്ണർ സജേഷ് കൃഷ്ണൻ അഞ്ചു കിലോമീറ്റർ വിഭാഗത്തിൽ പങ്കെടുക്കുന്നു ണ്ട്. കൗൺസിലർ ആന്റണി പൈനുതറ, ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡ് ഡോ. ജെ ജേക്കബ്, എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ (വിമുക്തി) തുടങ്ങിയവർ സമ്മാനദാന ചടങ്ങിൽ പങ്കെടുക്കും. സി ജി ഒ എ അംഗമായ ഡോ. ആർ ചന്ദ്രമോഹൻ ലഹരി വ്യാപനത്തിന് എതിരായി എഴുതിയ 'കഠോര കണ്ണികൾ ചങ്ങലയാകുമ്പോൾ' എന്ന പുസ്തകം ചടങ്ങിൽ പ്രകാശനം ചെയ്യും. പ്രസിഡ് എസ് അനന്തനാരായണൻ, സെക്രട്ടറി കെ എസ്. ശശികുമാർ, റെയ്സ് ഡയറക്ടർ ടി പി സലിം കുമാർ എന്നിവരാണ് ഓട്ടത്തിന് നേതൃത്വം നൽകുന്നത്. കൊച്ചി ലുലു മാൾ ആണ് ടൈറ്റിൽ സ്പോൺസർ.

# കനകധാരായാഗം ഏപ്രിൽ 17 മുതൽ 19 വരെ; ബ്രോഷർ പ്രകാശനം ചെയ്തു



*കേരള സ്റ്റേറ്റ് ഹിന്ദു ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ശ്രീശങ്കര ജയന്തിയോട് അനുബന്ധിച്ച് നടത്തുന്ന കനകധാരാ യാഗത്തിന്റെ ബ്രോഷർ പ്രകാശനം. കൊച്ചിയിൽ നടത്തിയ വാർത്താ സമ്മേളനത്തിൽ യാഗാചാര്യൻ ഡോക്ടർ പള്ളിക്കൽ സുനിൽ, കേരള സ്റ്റേറ്റ് ഹിന്ദു ദേവസ്വം ബോർഡ് പ്രസിഡന്റ് ടി. പങ്കജാക്ഷൻ, ജനറൽ സെക്രട്ടറി ടി. ആർ ദേവൻ, ട്രഷറർ രതീഷ് ഹരിഹരൻ, വൈസ് പ്രസിഡന്റ് കെ പി ശിവദാസ്, ശങ്കരവാഹിനി സംസ്ഥാന അധ്യക്ഷ ഡോ. ജയശ്രീ ഗോപാലകൃഷ്ണൻ, ലെയ്സൺ ഓഫിസർ സജീന്ദ്രൻ മാളിയേക്കൽ എന്നിവർ ചേർന്ന് നിർവ്വഹിക്കുന്നു.*

**കൊച്ചി:** ശ്രീശങ്കര ജയന്തിയോട് അനുബന്ധിച്ച് ആദി ശങ്കരാചാര്യർ രചിച്ച പ്രശസ്തമായ കനകധാരാസ്തവം എന്ന ശ്ലോകം ആധാരമാക്കി, കേരള സ്റ്റേറ്റ് ഹിന്ദു ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ഏപ്രിൽ 17, 18, 19 തിയതികളിൽ എറണാകുളം ദർബാർഹാൾ ഗ്രൗണ്ടിൽ കനകധാരാ യാഗം നടത്തുമെന്ന് യാഗസമിതി ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.

യാഗത്തിന്റെ ബ്രോഷർ ചടങ്ങിൽ പ്രകാശനം ചെയ്തു. 1238ാമത് ശ്രീശങ്കര ജയന്തിയുടെ ഭാഗമായി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നായി 20 നും 30 നും ഇടയിൽ പ്രായമുള്ള അംഗങ്ങൾ ഉൾപ്പെടുന്ന 1238 കുടുംബംങ്ങൾ യാഗത്തിന്റെ ഭാഗമാകും. ഏപ്രിൽ 17 ന് രാവിലെ ധ്വജ പ്രതിഷ്ഠയോടെ യാഗത്തിന് തുടക്കമാകും. 18 ന് രാവിലെ 6.30 മുതൽ യാഗം ആരംഭിക്കും. കേന്ദ്രമന്ത്രിമാർ, ചലച്ചിത്രതാരങ്ങൾ, പൗരപ്രമുഖർ ഉൾപ്പെടെയുള്ളവർ യാഗ വേദിയിൽ എത്തും. മധുര മീനാക്ഷി ക്ഷേത്രം തന്ത്രി ബ്രഹ്മശ്രീ ശങ്കര സുബ്രമഹ്ണ്യ ശിവാചാര്യയാണ് യാഗത്തിന്റെ മുഖ്യ പുരോഹിതൻ. തിരുനെൽവേലി ശ്രീത്രിപുരാന്ദേശ്വരൻ ക്ഷേത്രം മേൽശാന്തി ശ്രീമദ് ഭാഗ്യരാജ് ശിവാചാര്യ ഉൾപ്പെടെ 29 ലധികം സഹ പുരോഹിതർ യാഗകർമ്മങ്ങൾക്ക് നേതൃത്വം വഹിക്കും. ഭാഗവത ചൂഢാമണി ഡോ. സുനിൽ പള്ളിക്കൽ, ബ്രഹ്മശ്രീ സുകുമാരൻ തന്ത്രികൾ എന്നിവരാണ് ആചാര്യന്മാർ. യാഗാചാര്യൻ ഡോക്ടർ പള്ളിക്കൽ സുനിൽ, കേരള സ്റ്റേറ്റ് ഹിന്ദു ദേവസ്വം ബോർഡ് പ്രസിഡന്റ് ടി. പങ്കജാക്ഷൻ, ജനറൽ സെക്രട്ടറി ടി. ആർ ദേവൻ, ട്രഷറർ രതീഷ് ഹരിഹരൻ, വൈസ് പ്രസിഡന്റ് കെപി ശിവദാസ്, ശങ്കരവാഹിനി സംസ്ഥാന അധ്യക്ഷ ഡോക്ടർ ജയശ്രീ ഗോപാലകൃഷ്ണൻ, ബോർഡ് മെമ്പർമാരായ ആർ. ഗിരീഷ്, കെ.വി സാബു, പി.പി സുധീർ, സിനിൽകുമാർ, ലെയ്സൺ ഓഫിസർ സജീന്ദ്രൻ മാളിയേക്കൽ തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

# ചാലക്കുടിപ്പുഴ പാലം: പരിശോധന നടന്നു

**ചാലക്കുടി:** ചാലക്കുടിപ്പുഴ പാലത്തിന്റെ അറ്റകുറ്റ പണികൾക്കായുള്ള പരിശോധന നടന്നു. ചാലക്കുടിപ്പുഴയുടെ തൃശൂർ ഭാഗത്തേക്കുള്ള പഴയപാലത്തിന്റെ അറ്റകുറ്റ പണികൾക്കായുള്ള പരിശോധനയാണ് നടന്നത്. ക്രെയിൻ ഉപയോഗിച്ചായിരുന്നു പരിശോധന. അറ്റകുറ്റ പണികൾ നടത്തുമ്പോൾ തൃശൂർ ഭാഗത്തേക്കുള്ള പാലം അടച്ചിടും. ഒരുമാസം കൊണ്ട് പ്രവർത്തികൾ പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷ. ഈ സമയത്ത് പുതിയ പാലത്തിലൂടെ ഗതാഗത ക്രമീകരണവും ഏർപ്പെടുത്തും.



# ഒറ്റപ്പെടൽ ഒഴിവാക്കാൻ മൂന്നാമിടം; എ.ബി.സി ആർട്ട് റൂമിൽ ബിൽഡിങ് തേഡ് സ്പേസ് ശിൽപ്പശാല

**കൊച്ചി :** ഒറ്റപ്പെട്ട ഇടങ്ങൾ രൂപപ്പെടുന്ന സമൂഹത്തിൽ പൊതുവായ ഇടങ്ങൾ സൃഷ്ടിക്കുന്നതിനെക്കുറിച്ച് ബാസ്റ്റിൻ ബംഗ്ലാവിലെ എബിസി ആർട്ട് റൂമിൽ 'ബിൽഡിംഗ് തേർഡ് സ്പേസസ്' എന്ന ശിൽപ്പശാല സംഘടിപ്പിച്ചു.



സമൂഹത്തിൽ പൊതുഇടങ്ങൾ കുറയുന്നത് മനുഷ്യർ തമ്മിലുള്ള അകൽച്ച വർദ്ധിപ്പിക്കുന്നുവെന്ന് ചർച്ച സംഘടിപ്പിച്ച ജിയോ പി. ജോർജ്ജും ജോൺ സാജനും പറഞ്ഞു. ഈ സാഹചര്യം മാനസികവും സാമൂഹികവുമായ പ്രയാസങ്ങൾക്ക് കാരണമാകുന്നതിനാൽ ഒത്തുചേരൽ ഇടങ്ങൾ സൃഷ്ടിക്കേണ്ടത് ആവശ്യമാണ്. കൊച്ചിമുസിരിസ് ബിനാലെയുടെ ഭാഗമായി നടത്തിയ ഈ പരിപാടി 'മൂന്നാം ഇടങ്ങൾ' എങ്ങനെ വികസിപ്പിക്കാം എന്നാണ് ചർച്ച ചെയ്തത്. മനുഷ്യർ തമ്മിലുള്ള ബന്ധം പോലെ തന്നെ അവർ കണ്ടുമുട്ടുന്ന സ്ഥലങ്ങളും പ്രധാനമാണെന്ന് പങ്കെടുത്തവർ ചൂണ്ടിക്കാട്ടി. അഭിഭാഷകർ, ഡിസൈനർമാർ, ആർക്കിടെക്റ്റുകൾ, സൈക്കോളജിസ്റ്റുകൾ തുടങ്ങി വിവിധ മേഖലയിൽപെട്ടവരാണ് ശില്പശാലയിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# നിയമസഭാ തിരഞ്ഞെടുപ്പ്: എട്ടു സ്ഥാനാർഥികളെക്കൂടി പ്രഖ്യാപിച്ച് ട്വന്റി20 പാർട്ടി

**കിഴക്കമ്പലം:** വരുന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ചലച്ചിത്ര, റിയാലിറ്റി ഷോ താരങ്ങളടക്കം എട്ടു സ്ഥാനാർത്ഥികളെക്കൂടി പ്രഖ്യാപിച്ച് ട്വന്റി20 പാർട്ടി. എൻ.ഡി.എ സഖ്യത്തിനും പ്രത്യേകിച്ച് ട്വന്റി20ക്കും വ്യക്തമായ മേൽക്കൈയുള്ള അങ്കമാലി, തൃപ്പൂണിത്തുറ, പെരുമ്പാവൂർ, ഏറ്റുമാനൂർ, ചാലക്കുടി, കൊടുങ്ങല്ലൂർ, പിറവം, റാന്നി എന്നീ നിയോജക മണ്ഡലങ്ങളിലെ സ്ഥാനാർഥികളെയാണ് പാർട്ടി പ്രസിഡന്റ് സാബു എം.ജേക്കബ് ഇന്നലെ പ്രഖ്യാപിച്ചത്. ഏറ്റുമാനൂർ പരിപ്പ് സ്വദേശിനിയും നടിയും നർത്തകിയുമായ വീണാ നായരാണ് ട്വന്റി20 പാർട്ടിയുടെ ഏറ്റുമാനൂർ നിയോജക മണ്ഡലം സ്ഥാനാർത്ഥി. പ്രമുഖ നടിയും കഴിഞ്ഞ 10 വർഷമായി ബിജെപി വേദികളിലെ സ്ഥിരം സാന്നിധ്യമായ ലക്ഷ്മി പ്രിയയാണ് പെരുമ്പാവൂരിലെ ട്വന്റി20 സ്ഥാനാർത്ഥി. 2005 മുതൽ സിനിമയിൽ സജീവമായ ലക്ഷ്മി പ്രിയ താര സംഘടനയായ അമ്മയുടെ വൈസ് പ്രസിഡന്റുമാണ്. തൃപ്പൂണിത്തുറയിൽ സിനിമ, സീരിൽ രംഗത്തെ നിറസാന്നിധ്യമായ അഞ്ജലി നായരാണ് ട്വന്റി20 സ്ഥാനാർത്ഥി. തൃപ്പൂണിത്തുറ സ്വദേശിനി കൂടിയായ അഞ്ജലി കോർപ്പറേറ്റ് ഗിഫ്റ്റിംഗ് മേഖലയിൽ സ്വന്തമായി സംരംഭം നടത്തുന്ന വ്യക്തിത്വം കൂടിയാണ്. അങ്കമാലിയിൽ സോഷ്യൽമീഡിയ ഇൻഫ്ളുവൻസർ പ്രോമി കുര്യാക്കോസ് ആണ് സ്ഥാനാർഥി ബിസിനസ് മാനേജ്മെന്റ് രംഗത്ത് ഇരുപത്തിയാറിൽപരം വർഷത്തെ പ്രവർത്തന പാരമ്പര്യമുള്ളയാളാണ് പ്രോമി കുര്യാക്കോസ്. അങ്കമാലി കിടങ്ങൂർ പടയാട്ടി കുടുംബാംഗമാണ്. ഹൈക്കോടതി അഭിഭാഷകനും ട്വന്റി20 പാർട്ടി സംസ്ഥാന എക്സിക്യൂട്ടീവ് ബോർഡ് അംഗം അഡ്വ.ചാർളി പോളാണ് ചാലക്കുടി നിയോജക മണ്ഡലത്തിലെ സ്ഥാനാർത്ഥി. മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ മരുമകനായിരുന്ന ഡോ.വർഗീസ് ജോർജാണ് കൊടുങ്ങല്ലൂർ നിയോജക മണ്ഡലം ട്വന്റി20 സ്ഥാനാർത്ഥി. പി.എച്ച്.ഡി ബിരുദധാരിയും, എഞ്ചിനിയറിംഗ് മേഖലയിലും, മാനേജ്മെന്റ് മേഖലയിലും സ്വദേശത്തും, വിദേശത്തും വർഷങ്ങളുടെ പ്രവർത്തി പരിചയമുള്ള ഡോ. വർഗീസ് ജോർജ് ട്വന്റി20 പാർട്ടിയുടെ കൊടുങ്ങല്ലൂർ നിയോജക മണ്ഡലം പ്രസിഡന്റ് കൂടിയാണ്. ദീർഘകാലം പ്രവാസിയും ട്വന്റി20 പാർട്ടിയുടെ കുന്നത്തുനാട് മണ്ഡലം കോർഡിനേറ്ററും സംരംഭകനുമായ ജിബി അബ്രാഹമാണ് പാർട്ടിയുടെ ശക്തികേന്ദ്രമായ പിറവം നിയോജക മണ്ഡലത്തിലെ സ്ഥാനർത്ഥി. സാമൂഹിക സാംസ്കാരിക മേഖലയിലെ നിറസാന്നിദ്ധ്യമായ തോമസ് കെ.സാമുവൽ (ബ്ലസൻ) ആണ് റാന്നി നിയോജക മണ്ഡലം സ്ഥാനാർത്ഥി. വിദ്യാർത്ഥി പ്രസ്ഥാനങ്ങളിലൂടെ രാഷ്ട്രീയത്തിലെത്തിയ തോമസ് കെ. സാമുവലിന്റെ കന്നി അങ്കമാണിത്. ഇതോടെ 12 മണ്ഡലങ്ങളിലെ സ്ഥാനാർഥികളെയാണ് ട്വന്റി20 പാർട്ടി ഇതുവരെ പ്രഖ്യാപിച്ചത്. എൻ.ഡി.എ ഘടക കക്ഷിയെന്ന നിലയിൽ കാസർഗോഡ് ജില്ല മുതൽ തിരുവനന്തപുരം വരെയുള്ള ജില്ലകളിലായി 20 സീറ്റിൽ ഇക്കുറി പാർട്ടി മത്സര രംഗത്തുണ്ട്. പരമാവധി അതത് മണ്ഡലങ്ങളിലുള്ളവരെയാണ് സ്ഥാനാർത്ഥികളാക്കിയിരിക്കുന്നതെന്നും പാർട്ടി പ്രസിഡന്റ് സാബു എം ജേക്കബ് പറഞ്ഞു.


ജിബി അബ്രഹാം
പിറവം മണ്ഡലം


വീണാ നായർ
ഏറ്റുമാനൂർ മണ്ഡലം


തോമസ് കെ. സാമുവൽ
റാന്നി മണ്ഡലം


പ്രോമി കുര്യാക്കോസ്
അങ്കമാലി മണ്ഡലം


ലക്ഷ്മി പ്രിയ
പെരുമ്പാവൂർ മണ്ഡലം


അഡ്വ. ചാർളി പോൾ
ചാലക്കുടി മണ്ഡലം


ഡോ. വർഗീസ് ജോർജ്
കൊടുങ്ങല്ലൂർ മണ്ഡലം


അഞ്ജലി നായർ
തൃപ്പൂണിത്തുറ
മണ്ഡലം

## വാണിജ്യ ഗ്യാസ് സിലിണ്ടറുകളുടെ ലഭ്യത ഉറപ്പാക്കും; അവലോകന യോഗം ചേർന്നു

**കൊച്ചി:** എറണാകുളം ജില്ലയിൽ വാണിജ്യ ഗ്യാസ് സിലിണ്ടറുകളുടെ ലഭ്യത ഉറപ്പാക്കാൻ ജില്ലാ കളക്ടർ ജി. പ്രിയങ്കയുടെ നേതൃത്വത്തിൽ പ്രത്യേക യോഗം ചേർന്നു. ഇന്ധന കമ്പനി പ്രതിനിധികളെയും വിതരണക്കാരെയും ഉപയോക്താക്കളെയും സംഘടിപ്പിച്ചുകൊ ണ്ട് ചേർന്ന യോഗത്തിൽ ജില്ലയിലെ നിലവിലെ സാഹചര്യം വിലയിരുത്തി. മുൻഗണനാ അടിസ്ഥാനത്തിൽ ആശുപത്രികൾ, സ്കൂളുകൾ, സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ വരുന്ന ക്ഷേമ സ്ഥാപനങ്ങൾ തുടങ്ങിയവക്ക് സിലിണ്ടറുകൾ ലഭ്യമാക്കണമെന്ന് ജില്ലാ കളക്ടർ നിർദേശിച്ചു. സിലിണ്ടറുകളുടെ വിതരണം സുഗമമാക്കുന്നതിനായി കേരള എൽപിജി സപ്ലൈ ട്രാക്കർ എന്ന പോർട്ടൽ സജ്ജമാക്കിയിട്ടുണ്ട്. ഇന്ധന കമ്പനി പ്രതിനിധികൾ, വിതരണക്കാർ, ഉപയോക്താക്കൾ എന്നിവർക്ക് ഈ പോർട്ടലിൽ ആക്സസ് (പ്രവേശനം) ഉണ്ടായിരിക്കും. ജില്ലാ കളക്ടറുടെ നേതൃത്വത്തിലുള്ള സമിതിയാണ് മുൻഗണനാക്രമം നിശ്ചയിച്ച് സിലിണ്ടറുകൾ അനുവദിക്കുന്നത്.

വാണിജ്യാവശ്യത്തിനുള്ള ഗ്യാസ് സിലിണ്ടറുകളുടെ ഉൽപാദനം ഒരു നിശ്ചിത ശതമാനം വർദ്ധിപ്പിക്കുന്നതിനും പോർട്ടലിലൂടെ ലഭ്യമായ ആവശ്യകതയുടെ അടിസ്ഥാനത്തിൽ വിതരണം ആരംഭിക്കുന്നതിനും പൊതുവിതരണ വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്. ജില്ലയിലെ എഴ് താലൂക്കുകളിലായി ഒമ്പത് സ്ക്വാഡുകൾ എൽ.പി.ജി വിതരണവുമായി ബന്ധപ്പെട്ട ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് വിന്യസിച്ചിട്ടുണ്ട്. ലൈസൻസില്ലാതെ 100 കിലോഗ്രാമിലധികം പാചകവാതകം സൂക്ഷിക്കുന്നത് നിയമ വിരുദ്ധമാണ്. ഇത്തരം കേസുകളിൽ അവശ്യസാധന നിയമം പ്രകാരം കേസ് എടുക്കുന്നതിന് അധികൃതർക്ക് നിർദേശം നൽകിയിട്ടുണ്ട്. ഗാർഹിക ആവശ്യത്തിന് ഉപയോഗിക്കുന്ന സിലിണ്ടറുകൾ വാണിജ്യ ആവശ്യത്തിന് ഉപയോഗിക്കുന്നതും നിയമ വിരുദ്ധമാണ്. ഇത്തരം കേസുകളിൽ നിയമപ്രകാരം നടപടി സ്വീകരിക്കും. അവധി ദിവസങ്ങളിൽ അടക്കം ഇത്യമായി ബന്ധപ്പെട്ട മോണിറ്ററിംഗ് സെല്ലുകൾ ജില്ലാ സപ്ലൈ ഓഫിസുകളിലും താലൂക്ക് സപ്ലൈ ഓഫീസുകളിലും പ്രവർത്തിച്ചു വരുന്നുണ്ട്. ജില്ലാ കളക്ടറുടെ ചേംബറിൽ നടന്ന യോഗത്തിൽ കൊച്ചി സിറ്റി പോലീസ് കമ്മീഷണർ എസ്. കാളിരാജ് മഹേഷ് കുമാർ, ജില്ലാ സപ്ലൈ ഓഫീസർ എസ്. ആർ സ്മിത, മറ്റ് ബന്ധപ്പെട്ട വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## വിശുദ്ധ യൗസേപ്പ് പിതാവിന്റെ ഊട്ടുതിരുന്നാൾ




**ചാലക്കുടി:** ചാലക്കുടി തിരുകുടുംബ ലത്തീൻ പള്ളിയിൽ വിശുദ്ധ യൗസേപ്പ് പിതാവിന്റെ ഊട്ടുതിരുന്നാൾ ആഘോഷിക്കുമെന്ന് സംഘാടകർ വാർത്താ സമ്മേളനത്തിൽ അറിയിച്ചു. ഇന്ന് വൈകീട്ട് ജപമാല, ദിവ്യബലി, പ്രസംഗം. ഫാ: സിജോ വേലിക്കകത്തോട്ട് മുഖ്യ കാർമ്മികനാകും. ഊട്ടു തിരുന്നാൾ ദിനമായ നാളെ രാവിലെ 9.30ന് തിരുന്നാൾ ദിവ്യബലി, 10.45ന് നേർച്ച സദ്യ വെഞ്ചിരിപ്പ്. തുടർന്ന് വൈകുന്നേരം മൂന്നു മണിവരെ നേർച്ച സദ്യ. തിരുന്നാൾ ദിനങ്ങളിൽ പുണ്യവാളന് പൂമാല നേർച്ച, അടിമ സമർപ്പണം എന്നിവക്ക് സൗകര്യമുണ്ടായിരിക്കുമെന്ന് വികാരി ഫാ. ബഞ്ചമിൻ ജൈജു ഇലഞ്ഞിക്കൽ, ഐവൺ വഞ്ചിപ്പുര, സുബിൻ ജേക്കബ്ബ്, ഷാരോൺ ജെയിംസ്, സെബാസ്റ്റ്യൻ കുറ്റിപറമ്പിൽ എന്നിവർ വാർത്താ സമ്മളനത്തിൽ പരിപാടികൾ വിശദീകരിച്ചു.

## ഇലക്ഷൻ എക്സ്പെൻഡിച്ചർ; മോണിറ്ററിങ് സംവിധാനം പ്രവർത്തനമാരംഭിച്ചു

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് സ്ഥാനാർത്ഥികളുടെ വരവ് ചെലവ് നിരീക്ഷിക്കുന്നതിനും സ്വതന്ത്രവും നീതിയുക്തവുമായ തിരഞ്ഞെടുപ്പ് ഉറപ്പ് വരുത്തുന്നതിനുമായി ഇലക്ഷൻ എക്സ്പെൻഡിച്ചർ മോണിറ്ററിങ് സംവിധാനം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചു. തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷണത്തിന്റെ ഭാഗമായുള്ള തിരഞ്ഞെടുപ്പ് ചെലവ് നിരീക്ഷകർ, ഫ്ളയിങ് സ്ക്വാഡ്, സ്റ്റാറ്റിക് സർവെയലൻസ് ടീം, വീഡിയോ സർവെയ്‌ലൻസ് ടീം എന്നീ സംവിധാനങ്ങളാണ് പ്രവർത്തനം തുടങ്ങിയത്.

തിരഞ്ഞെടുപ്പിന്റെ സുതാര്യമായ നടത്തിപ്പിനായി നിയോഗിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരുമായി പൊതുജനങ്ങൾ സഹകരിക്കണമെന്നും ഒരു ലക്ഷം രൂപയിൽ കൂടുതൽ പണമായി കൊണ്ടുനടക്കുന്നവർ മതിയായ രേഖകൾ കൂടെ കരുതേണ്ടതാണ്. സ്ഥാനാർത്ഥികളാകുന്നവർക്ക് പ്രത്യേക അക്കൗണ്ട് സൂക്ഷിക്കേണ്ടതിനാൽ, പുതിയ അക്കൗണ്ട് തുറക്കുന്നതിനായി എത്തുന്ന സ്ഥാനാർത്ഥികൾക്ക് വേണ്ട സൗകര്യം എല്ലാ ബാങ്ക് ബ്രാഞ്ചുകളിലും ഏർപ്പെടുത്തണം. പ്രചാരണത്തിനായി സാമഗ്രികൾ പ്രിന്റ് ചെയ്യുന്നതിന് ഏല്പിക്കുന്ന വ്യക്തികളുടെ ഫോട്ടോ പതിച്ച ഡിക്ലറേഷൻ ഫോം വാങ്ങേണ്ടതും അതിന്റെ ഒരു പകർപ്പ് ജില്ലാ ഇലക്ഷൻ ഓഫീസർ ആയ ജില്ലാ കളക്ടർക്ക് ലഭ്യമാക്കേണ്ടതുമാണ്. രാഷ്ട്രീയ പാർട്ടികളും സ്ഥാനാർത്ഥികളും മുദ്രണം ചെയ്യുന്ന തിരെഞ്ഞെടുപ്പ് പ്രചാരണ സാമഗ്രികളിൽ പ്രിന്റർ, പബ്ലിഷർ, കോപ്പികളുടെ എണ്ണം എന്നീ വിവരങ്ങൾ ഉൾക്കൊള്ളിക്കണം. പ്രചാരണ സാമഗ്രികൾ അച്ചടിക്കുന്ന പ്രിന്റിങ് പ്രസ്സുകൾ ആ വിവരവും, ഓഡിറ്റോറിയങ്ങളുടെയും കൺവെൻഷൻ സെന്ററുകളുടെയും ഉടമസ്ഥർ തിരെഞ്ഞെടുപ്പ് ആവശ്യത്തിലേക്ക് തങ്ങളുടെ സ്ഥാപനം ബുക്ക് ചെയ്യുന്ന വിവരവും താമസമില്ലാതെ ജില്ലാ കളക്ടറെ അറിയിക്കേണ്ടതാണെന്നും ജില്ലാ ഇലക്ഷൻ ഓഫീസറായ ജില്ലാകളക്ടർക്ക് വേണ്ടി എക്സ്പെൻഡിച്ചർ നോഡൽ ഓഫീസർ അറിയിച്ചു.

## നിയമസഭാ തിരഞ്ഞെടുപ്പ്: സർവ്വകക്ഷി യോഗം ഇന്ന്

**കൊച്ചി:** നിയമസഭാ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വൈപ്പിൻ നിയോജകമണ്ഡലത്തിലെ രാഷ്ട്രീയപാർട്ടികളുടെ യോഗം ഇന്ന് ഉച്ചക്ക് 3.30 ന് കാക്കനാട് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിൽ ചേരും. യോഗത്തിൽ എല്ലാ രാഷ്ട്രീയ കക്ഷി പ്രതിനിധികളും പങ്കെടുക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ബിനു ജോൺ അറിയിച്ചു.

## തീയറ്റർ ആക്ടിംഗ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയുടെ കാലടി മുഖ്യകാമ്പസിലെ സോഷ്യൽ വർക്ക് വിഭാഗം തീയറ്റർ ആക്ടിംഗ് വർക്ക്ഷോപ്പ് സംഘടിപ്പിച്ചു. ലാംഗ്വേജ് ബ്ലോക്കിലെ സെമിനാർ ഹാളിൽ നടന്ന വർക്ക്ഷോപ്പ് ഡോ. ജോസ് ആന്റണി ഉദ്ഘാടനം ചെയ്തു. കണ്ണൂരിലെ പടവ് ക്രിയേറ്റീവ് തീയറ്ററിലെ എൻ. രഘുനാഥൻ, ശ്രീജിത് വെള്ളുവയൽ എന്നിവർ വർക്ക്ഷോപ്പ് നയിച്ചു.

# കെ.സി.എ മംഗലാപുരം ക്രിക്കറ്റ് ഗ്രൗണ്ട് ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** കേരളത്തിന്റെ കായിക മുന്നേറ്റത്തിനുള്ള സംഭാവനയാണ് മംഗലപുരത്തെ കെ.സി.എയുടെ അത്യാധുനിക ക്രിക്കറ്റ് ഗ്രൗണ്ടെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. 45 കോടി രൂപ മുതൽമുടക്കിൽ നിർമിച്ച കെ.സി.എ മംഗലപുരം ക്രിക്കറ്റ് ഗ്രൗണ്ടിന്റെ ഉദ്ഘാടനവും ഫ്ളഡ് ലൈറ്റ് സംവിധാനത്തിന്റെ സ്വിച്ച് ഓൺ കർമവും നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം. കേരള ക്രിക്കറ്റ് അസോസിയേഷന്റെ കാര്യക്ഷമമായ ഇടപെടലാണ് കേരളത്തെ ഇന്ന് ഇന്ത്യയിലെ മികച്ച ക്രിക്കറ്റ് സംസ്ഥാനമാക്കി മാറ്റിയത്. എല്ലാ ജില്ലകളിലും സ്വന്തമായി ക്രിക്കറ്റ് ഗ്രൗണ്ട് നിർമിക്കുവാനാണ് കെ.സി.എ ലക്ഷ്യമിട്ടിരുന്നത്. എന്നാൽ, സ്ഥലമേറ്റെടുപ്പിന് നിലവിലുള്ള നിയമങ്ങൾ തടസ്സമായിരുന്നു. നിയമങ്ങൾ സംസ്ഥാനത്തിന്റെ കായിക വികസനത്തിന് തടസ്സമാകരുതെന്ന ചിന്താഗതിയിൽ കെ.സി.എയ്ക്ക് ഇളവുകൾ അനുവദിച്ചതിന്റെ ഭാഗമായാണ് ഇന്ന് വിവിധയിടങ്ങളിൽ ഗ്രൗണ്ടുകൾ ഒരുക്കാൻ സാധിച്ചതെന്നും മുഖ്യമന്ത്രി പറഞ്ഞു. ക്രിക്കറ്റ് ഗൗരവത്തോടെ പരിശീലിക്കുന്നവരുടെ എണ്ണം ഇന്ന് വർധിച്ചുവരികയാണെന്നും ഇത് പ്രോത്സാഹിപ്പിക്കപ്പെടണമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ചടങ്ങിൽ ടി20 ലോകകപ്പിൽ ഇന്ത്യയുടെ വിജയത്തിൽ നിർണായക പങ്കുവഹിച്ച സഞ്ജു സാംസണിന് കെ.സി.എയുടെ സ്നേഹാദരവായി ഗോൾഡൻ ബാറ്റ് മുഖ്യമന്ത്രി സമ്മാനിച്ചു.

നിശ്ചയദാർഢ്യവും മനസ്സാന്നിധ്യവുമാണ് സഞ്ജുവിന്റെ വിജയമന്ത്രമെന്നും, കേരള ക്രിക്കറ്റിന്റെ തിളക്കമാർന്ന അടയാളമാണ് മലയാളിയുടെ അഭിമാനമായ സഞ്ജുവെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു. പുതിയ ഗ്രൗണ്ട് പുതുതലമുറയ്ക്ക് വലിയ മുതൽക്കൂട്ടാകുമെന്ന് സ്നേഹാദരം ഏറ്റുവാങ്ങിയ ശേഷം സഞ്ജു പറഞ്ഞു. രണ്ടാംഘട്ടത്തിന്റെ ഭാഗമായുള്ള സ്റ്റേറ്റ് ക്രിക്കറ്റ് അക്കാദമിയുടെയും




ഇൻഡോർ ക്രിക്കറ്റ് പരിശീലന കേന്ദ്രത്തിന്റെയും നിർമാണോദ്ഘാടനം കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ നിർവഹിച്ചു. കെ.സി.എ പ്രസിഡന്റ് അഡ്വ. ശ്രീജിത്ത് വി. നായർ അധ്യക്ഷത വഹിച്ച ചടങ്ങിൽ കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, മംഗലപുരം പഞ്ചായത്ത് പ്രസിഡന്റ് എസ്. ശ്രീചന്ദ് , പഞ്ചായത്ത് അംഗം ജീന ബാബു, കെ.സി.എ സെക്രട്ടറി വിനോദ് എസ്. കുമാർ, സി.ഇ.ഒ മിനു ചിദംബരം, ട്രിവാൻഡ്രം ജില്ലാ ക്രിക്കറ്റ് അസോസിയേഷൻ പ്രസിഡന്റ് അഡ്വ. കെ.കെ രാജീവ്, സെക്രട്ടറി അഡ്വ. രജിത്ത് രാജേന്ദ്രൻ തുടങ്ങിയവർ പങ്കെടുത്തു.

# ബീഏബിൾ ഹെൽത്ത്, ജീവനീയം, സിഎഫ്എച്ച്ഇ എന്നിവയുമായി കരാറൊപ്പിട്ടു



**കൊച്ചി:** എഐ അധിഷ്ഠിത ഗെയിം അടിസ്ഥാനത്തിലുള്ള പുനരധിവാസ സാങ്കേതികവിദ്യകൾ വികസിപ്പിക്കുന്ന ബീഏബിൾ ഹെൽത്ത്, നാഡീരോഗബാധിതരായ കുട്ടികൾക്കായി എഐ അധിഷ്ഠിത സഹകരണത്തിന് ജീവനീയം റിസർച്ച് സെന്റർ, ഹൈദരാബാദിലെ സെന്റർ ഫോർ ഹെൽത്ത്കെയർ എൻട്രപ്രണർഷിപ്പ് (സിഎഫ്എച്ച്ഇ) ഐഐടി എന്നിവയുമായി സഹകരിക്കുന്നതിനുള്ള ധാരണാപത്രത്തിൽ ഒപ്പുവച്ചു.

സെറിബ്രൽ പാൾസി, ഓട്ടിസം സ്പെക്ട്രം ഡിസോർഡർ, എഡിഎച്ച്ഡി എന്നിവയുൾപ്പെടെയുള്ള നാഡീവികസന സംബന്ധമായ അവസ്ഥകളുള്ള കുട്ടികൾക്കായി ചെലവു കുറഞ്ഞ എഐ അധിഷ്ഠിത പുനരധിവാസ സംവിധാനങ്ങൾ വികസിപ്പിക്കുകയും ക്ലിനിക്കൽ തലത്തിൽ പരിശോധിക്കുകയും ചെയ്യുകയാണ് ഈ സഹകരണത്തിന്റെ ലക്ഷ്യം.

ബീഏബിൾ ഹെൽത്തിന്റെ സാങ്കേതികവിദ്യാ വൈദഗ്ധ്യം, ജീവനീയത്തിന്റെ ക്ലിനിക്കൽ പരിചയം, ഐഐടി ഹൈദരാബാദിന്റെ ഗവേഷണമികവ് എന്നിവ ഒരുമിപ്പിച്ച് സാങ്കേതികവിദ്യ അടിസ്ഥാനമാക്കിയ പുനരധിവാസ സംവിധാനങ്ങൾ മുന്നോട്ടുകൊണ്ടുപോകാനാണ് സഹകരണം ലക്ഷ്യമിടുന്നത്. ഇതിലൂടെ പ്രോട്ടോടൈപ്പിംഗ് സൗകര്യങ്ങൾ, റെഗുലേറ്ററി മാർഗ്ഗനിർദ്ദേശങ്ങൾ, ഗവേഷണ പിന്തുണ എന്നിവ ലഭ്യമാകും. ഇതിനോടനുബന്ധിച്ച് കൊച്ചിയിൽ ആയുർവേദ ആശുപത്രിയും ഗവേഷണ കേന്ദ്രവും നടത്തുന്ന ജീവനീയം എൻഎബിഎച്ച് മാനദണ്ഡങ്ങൾ അനുസരിച്ച് നിർമ്മിച്ച ജീവനീയം മെഡിപോളിസ് ഉദ്ഘാടനം ചെയ്തു.

എഐ അധിഷ്ഠിത പുനരധിവാസ സംവിധാനങ്ങൾ കുട്ടികളുടെയും നാഡീസംബന്ധമായ രോഗങ്ങളുള്ള മുതിർന്നവരുടെയും ചികിത്സ കൂടുതൽ ഫലപ്രദമാക്കാൻ സഹായിക്കുമെന്ന് ജീവനീയം ഹോസ്പിറ്റൽസ് സ്ഥാപകയും മെഡിക്കൽ ഡയറക്ടറുമായ ഡോ. രശ്മി പ്രമോദ് പറഞ്ഞു. സാങ്കേതികവിദ്യയുടെ സഹായത്തോടെ ഇന്ത്യയിലെ സെറിബ്രൽ പാൾസി, ഓട്ടിസം, എഡിഎച്ച്ഡി പോലുള്ള അവസ്ഥകളോടെ ജീവിക്കുന്ന കുട്ടികളുടെ പുനരധിവാസം എളുപ്പമാക്കുകയാണ് ലക്ഷ്യമെന്ന് ബീഏബിൾ ഹെൽത്ത് സിഇഒയും സഹസ്ഥാപകനുമായ ഹബീബ് അലി പറഞ്ഞു.

# സിഎംപിഡിഐ ഓഹരി വിപണിയിലേക്ക്

**കൊച്ചി:** രാജ്യത്തെ ഖനന മേഖലയുടെ പര്യവേഷണം, ആസൂത്രണം, രൂപകൽപന, പാരിസ്ഥിതിക നിർവഹണം എന്നിവയിൽ സേവനം നൽകുന്ന പ്രമുഖ പൊതുമേഖലാ മിനിരത്ന സ്ഥാപനമായ സെൻട്രൽ മൈൻ പ്ലാനിംഗ് ആൻഡ് ഡിസൈൻ ഇൻസ്റ്റിറ്റിയൂട്ട് ലിമിറ്റഡിന്റെ (സിഎംപിഡിഐ) പ്രാരംഭ ഓഹരി വിൽപന (ഐപിഒ) ഈമാസം 20ന് ആരംഭിക്കും. ഓഹരി ഒന്നിന് 2 രൂപ മുഖവിലയും 163 രൂപ മുതൽ 172 രൂപ പ്രൈസ് ബാൻഡും നിശ്ചയിച്ചിട്ടുണ്ട്. അപേക്ഷകർ കുറഞ്ഞത് 80 ഓഹരികൾ ബിഡ് ചെയ്യണം. തുടർന്ന് 80ന്റെ ഗുണിതങ്ങളായി ഓഹരികൾ വാങ്ങിക്കാം.

കമ്പനി പ്രമോട്ടർമാരുടെ കൈവശമുള്ള 10.71 കോടി ഓഹരികൾ വിറ്റഴിക്കുന്നതിലൂടെ ഏകദേശം 1,842 കോടി രൂപ സമാഹരിക്കാനാണ് ലക്ഷ്യമിടുന്നത്. ഐപിഒ ഈമാസം 24ന് അവസാനിക്കുമെന്ന് കമ്പനി അധികൃതർ വാർത്താക്കുറിപ്പിൽ അറിയിച്ചു.


# ഗ്രീൻ അമോണിയ വിതരണം : സാംസങ് സി ആന്റ് ടിയുമായി റിലയൻസ് കരാർ ഒപ്പുവെച്ചു

**മുംബൈ:** റിലയൻസ് ഇൻഡസ്ട്രീസ് ലിമിറ്റഡ്  ദക്ഷിണ കൊറിയയിലെ സാംസങ് സി ആന്റ് ടി കോർപ്പറേഷനുമായി ഗ്രീൻ അമോണിയ വിതരണത്തിനായി 15 വർഷത്തെ ദീർഘകാല സപ്ലൈ ആൻഡ് പർച്ചേസ് അഗ്രിമെന്റ്  ഒപ്പുവെച്ചു.

2029 സാമ്പത്തിക വർഷത്തിന്റെ രണ്ടാം പാദം മുതൽ കരാർ പ്രാബല്യത്തിൽ വരും. മൂന്ന് ബില്യൺ അമേരിക്കൻ ഡോളറിലധികം മൂല്യമുള്ള ഈ കരാർ ലോകത്തിലെ ഏറ്റവും വലിയ ദീർഘകാല ഗ്രീൻ അമോണിയ ഓഫ്ടേക്ക് കരാറുകളിൽ ഒന്നാണ്. ഈ കരാറിലൂടെ ഇന്ത്യയിൽ നിർമ്മിക്കുന്ന സമ്പൂർണ്ണ മൂല്യശൃംഖലയിലൂടെ  നിർമ്മിക്കുന്ന ഗ്രീൻ ഇന്ധനങ്ങളുടെ കയറ്റുമതിയിൽ ഇന്ത്യയ്ക്ക് പുതിയ സ്ഥാനം നേടാനാകുമെന്ന് വിലയിരുത്തപ്പെടുന്നു. ശുദ്ധ ഊർജ ഉപകരണങ്ങളുടെ ആഭ്യന്തര നിർമ്മാണം ഉൾപ്പെടെ ഇന്ത്യയുടെ നാഷണൽ ഗ്രീൻ ഹൈഡ്രജൻ മിഷൻ ലക്ഷ്യങ്ങളോട് അനുബന്ധിച്ചാണ് ഈ പദ്ധതി മുന്നോട്ടു പോകുന്നത്.

# രാജ്യത്തെ വിഭവ ശേഷി ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിയാൽ ഇറക്കുമതി അവസാനിപ്പിക്കാം

**കൊച്ചി:** ഇന്ത്യയുടെ വിശാലമായ പ്രകൃതി വിഭവ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനായി നിർണ്ണായകമായ ഒരു മുന്നേറ്റം വേണമെന്ന് വേദാന്ത ചെയർമാൻ അനിൽ അഗർവാൾ അഭിപ്രായപ്പെട്ടു. വ്യവസായ സമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. രാജ്യത്തിന്റെ ഊർജ്ജ സുരക്ഷ ശക്തമാക്കുന്നതിനും ഇറക്കുമതിയെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും ആഭ്യന്തര പര്യവേഷണവും ഉൽപ്പാദനവും വേഗത്തിലാക്കണമെന്നും അദ്ദേഹം പറഞ്ഞു. ഇന്ത്യയ്ക്ക് വലിയ തോതിൽ ഉപയോഗിക്കപ്പെടാത്ത ഖനന വിഭവങ്ങൾ ഉണ്ടായിരിക്കെ രാജ്യത്തിന് ഓയിൽ ആവശ്യത്തിന്റെ 90 ശതമാനത്തിലധികവും, ചെമ്പിന്റെ 95 ശതമാനത്തിലധികവും, സ്വർണ്ണത്തിന്റെ ഏകദേശം 100 ശതമാനവും ഇറക്കുമതി ചെയ്യേണ്ടി വരുന്നതായി അദ്ദേഹം പറഞ്ഞു. ഇപ്പോൾ ഇന്ത്യ ഏകദേശം 90 ശതമാനം ഓയിലും ഏകദേശം 95 ശതമാനം ചെമ്പും ഏകദേശം 99.5 ശതമാനം സ്വർണ്ണവും ഇറക്കുമതി ചെയ്യുന്നതായും അദ്ദേഹം വ്യക്തമാക്കി. രാജ്യത്തിന്റെ ഭൗമശാസ്ത്ര ഘടന ലോകത്തിലെ ഏറ്റവും സമ്പന്നമായതിൽ ഒന്നാണെന്നും ഇത് ഇന്ത്യയുടെ ഊർജവും ഖനന വിഭവ സുരക്ഷയും ശക്തിപ്പെടുത്താനുള്ള വലിയ സാധ്യതകൾ നൽകുന്നുവെന്നും അദ്ദേഹം പറഞ്ഞു.



പ്രകൃതിവിഭവങ്ങളുടെ പര്യവേക്ഷണവും ഖനനം വേഗത്തിലാക്കേണ്ടതിന്റെ ആവശ്യകതയും അദ്ദേഹം മുന്നോട്ടുവച്ചു. രാജ്യത്തെ പൊതുമേഖലാ സ്ഥാപനങ്ങൾക്കും വിഭവങ്ങൾ കൈകാര്യം ചെയ്യുന്ന മറ്റ് കമ്പനികൾക്കും നിലവിലുള്ള ഉൽപ്പാദനം പലമടങ്ങ് വർദ്ധിപ്പിക്കാനുള്ള ശേഷിയുണ്ട്. എന്നാൽ ഇതിന് അനുയോജ്യമായ നയപരമായ പിന്തുണയും വേഗത്തിലുള്ള അംഗീകാരങ്ങളും അത്യാവശ്യമാണ്. ശരിയായ നിക്ഷേപം, മാനേജ്മെന്റ്, നയപിന്തുണ എന്നിവ ലഭിച്ചാൽ നിലവിൽ പ്രതീക്ഷച്ചത്ര മികച്ച പ്രകടനം കാഴ്ചവെക്കാത്ത നിരവധി സർക്കാർ ആസ്തികൾക്ക് ഉൽപാദനം ഗണ്യമായി വർധിപ്പിക്കാനുള്ള വലിയ സാധ്യതയുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. വേദാന്ത ഏറ്റെടുത്തതിന് ശേഷം ഹിന്ദുസ്ഥാൻ സിങ്ക്, ഭാരത് അലുമിനിയം പോലുള്ള നിരവധി ആസ്തികളിൽ സ്വകാര്യവത്കരണവും പ്രൊഫഷണൽ മാനേജ്മെന്റും വന്നതിനു ശേഷം അഞ്ച് മുതൽ പത്ത് മടങ്ങ് വരെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ സാധിച്ചു. ഇന്ത്യയുടെ വിഭവ മേഖലയിൽ ഇനിയും ഉപയോഗിക്കപ്പെടാത്ത വലിയ സാധ്യതകളുണ്ടെന്നാണ് ഇത് തെളിയിക്കുന്നുത്. ഈ രണ്ട് കമ്പനികളെയും സ്വകാര്യവൽക്കരണ പദ്ധതിയിലൂടെയാണ് ഏറ്റെടുത്തതെങ്കിലും ആ നടപടികൾ ഇനിയും പൂർണ്ണമായിട്ടില്ലെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. നിലവിൽ ഹിന്ദുസ്ഥാൻ സിങ്കിൽ 26 ശതമാനം ഓഹരിയും ബാൽക്കോയിൽ 49 ശതമാനം ഓഹരിയും ഇപ്പോഴും സർക്കാരിന്റെ കൈവശമാണ്. കഴിഞ്ഞ പത്ത് വർഷത്തിനിടെ വേദാന്ത ഗ്രൂപ്പ് മാത്രം ഏകദേശം 4.5 ലക്ഷം കോടി രൂപയാണ് സർക്കാർ ഖജനാവിലേക്ക് വിവിധ നികുതികളായും മറ്റും നൽകിയത്.

സംരംഭകർക്ക് കൂടുതൽ അധികാരം നൽകുകയും നിയമപരമായ നൂലാമാലകൾ ലളിതമാക്കുകയും ചെയ്യേണ്ടത് നിക്ഷേപങ്ങളും നൂതന ആശയങ്ങളും പ്രോത്സാഹിപ്പിക്കാൻ അനിവാര്യമാണെന്നും വേദാന്ത ചെയർമാൻ അഭിപ്രായപ്പെട്ടു. സ്വയം സർട്ടിഫിക്കേഷൻ സംവിധാനത്തിലും വിശ്വാസത്തെ അടിസ്ഥാനമാക്കിയ ഭരണരീതിയിലും കൂടുതൽ ആശ്രയിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. അമിതമായ നിയന്ത്രണ ഇടപെടലുകൾ പലപ്പോഴും പദ്ധതികൾ വൈകിപ്പിക്കുകയും അപകടസാധ്യത ഏറ്റെടുക്കാനുള്ള താത്പര്യം കുറയ്ക്കുകയും ചെയ്യാറുണ്ട്. ദീർഘമായ അനുമതികൾക്കും ക്ലിയറൻസുകൾക്കും പകരം സ്വയം സർട്ടിഫിക്കേഷൻ സംവിധാനത്തിലേക്ക് ഇന്ത്യ നീങ്ങണം എന്നും അദ്ദേഹം കൂട്ടിച്ചേർത്തു. അതിൽ സർക്കാർ നിയമങ്ങളും മാർഗ്ഗനിർദേശങ്ങളും നിർണ്ണയിക്കുകയും, ഉദ്യമികൾ അവ കർശനമായി പാലിക്കുകയും പിന്നീട് ഓഡിറ്റിന് വിധേയമാകുകയും ചെയ്യണമെന്നും അദ്ദേഹം വ്യക്തമാക്കി. പശ്ചിമേഷ്യൻ പ്രതിസന്ധികളും ഹോർമുസ് കടലിടുക്ക് വഴിയുള്ള ചരക്കുനീക്കത്തിൽ ഉണ്ടായേക്കാവുന്ന തടസ്സങ്ങളും മുൻനിർത്തി ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കേണ്ടതിന്റെ തന്ത്രപ്രധാനമായ പ്രാധാന്യത്തെക്കുറിച്ച് അനിൽ അഗർവാൾ ഊന്നിപ്പറഞ്ഞു. ഊർജ്ജ സുരക്ഷ ഉറപ്പാക്കുന്നതിനും ആഗോള വിതരണ ശൃംഖലയിലുണ്ടാകുന്ന ആഘാതങ്ങൾ മൂലമുള്ള ദീർഘകാലാടിസ്ഥാനത്തിലുള്ള വെല്ലുവിളികൾ കുറയ്ക്കുന്നതിനുമായി എണ്ണ, പ്രകൃതി വാതകം, കൽക്കരി, തന്ത്രപ്രധാന ലോഹങ്ങൾ, നിർണ്ണായക ധാതുക്കൾ എന്നിവയുടെ പര്യവേഷണം ഇന്ത്യ അതിവേഗം വർദ്ധിപ്പിക്കണമെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു. വരും വർഷങ്ങളിൽ ഇന്ത്യയുടെ ഊർജ്ജ ആവശ്യകത ഇരട്ടിയാകുമെന്ന് കണക്കാക്കപ്പെടുന്നുതായും അതിനാൽ രാജ്യത്തിന്റെ ആഭ്യന്തര ഊർജ്ജ വ്യവസ്ഥയെ വൈവിധ്യവൽക്കരിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യേണ്ടത് അനിവാര്യമാണെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ഇന്ത്യയുടെ പ്രകൃതിവിഭവ മേഖലകൾ തുറന്നു നൽകുന്നത് രാജ്യത്തിന്റെ സാമ്പത്തിക വളർച്ചയ്ക്ക് വലിയ കുതിപ്പേകുമെന്നും അദ്ദേഹം പറഞ്ഞു. എണ്ണ, പ്രകൃതി വാതകം, ചെമ്പ്, കൽക്കരി, സ്വർണം, രാസവളങ്ങൾ എന്നീ മേഖലകളിലെ ആഭ്യന്തര വിഭവശേഖരങ്ങൾ ഉപയോഗത്തിലാക്കുന്നത് വിപുലമായ തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും, സർക്കാർ വരുമാനം വർധിപ്പിക്കുകയും, ഇറക്കുമതി അമിതമായി ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യും. അതിനുപുറമെ ഇന്ത്യയിലും ആഗോളതലത്തിലും പ്രകൃതിവിഭവ മേഖല ചരിത്രപരമായി സർക്കാർ ഖജനാവിലേക്ക് ഏറ്റവും കൂടുതൽ വരുമാനം നൽകുന്ന മേഖലകളിലൊന്നായിരുന്നുവെന്നും, രാഷ്ട്രനിർമ്മാണത്തിൽ ഇത് നിർണായക പങ്ക് വഹിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# എംഎസ്എംഇകളിൽ എഐലേക്കുള്ള മാറ്റം അനിവാര്യം: സിഐഐ കേരള

**കൊച്ചി:** കേരളത്തിലെ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് കൃത്രിമബുദ്ധി(എഐ) മൂലം വന്നുകൊണ്ടിരിക്കുന്ന വലിയ മാറ്റങ്ങളിലേക്ക് നീങ്ങണമെന്ന് കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രി (സിഐഐ) കേരള 2025-26 വാർഷിക യോഗം. ആപ്ലിക്കേഷൻ ആന്റ് ഡിജിടെക് സീരീസ് 2026ന്റെ ഭാഗമായി, 'എംഎസ്എംഇകളുടെ ഉൽപ്പാദനക്ഷമത, ലാഭക്ഷമത, വളർച്ച എന്നിവയെ എഐ എങ്ങനെ വളർത്തുന്നു' എന്ന വിഷയത്തിൽ നടന്ന സെമിനാറിൽ, കൂടുതൽ നേട്ടങ്ങൾക്കായി ബിസിനസുകൾക്ക് അത്യാധുനിക സാങ്കേതികവിദ്യ എങ്ങനെ പ്രയോജനപ്പെടുത്താം എന്നത് ചർച്ച ചെയ്തു. കേരള ഡിജിറ്റൽ സയൻസസ്, ഇന്നൊവേഷൻ ആൻഡ് ടെക്നോളജി സർവകലാശാലയുടെ വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ് മുഖ്യപ്രഭാഷണത്തിൽ എഐയെ 'എല്ലാവർക്കും ഒരുപോലെ ഉപയോഗം സാധ്യമാകുന്ന സാങ്കേതികവിദ്യയാണ്. സ്ഥിരം രീതികളിലുള്ള എഐ പ്രയോഗിക്കുന്നതിനപ്പുറം, സംരംഭകർ വ്യത്യസ്തമായി ചിന്തിച്ച് അവരുടെ ബിസിനസ് രീതികൾ വേറിട്ട വഴികളിലൂടെയാക്കണമെന്നും അദ്ദേഹം പറഞ്ഞു. ആവർത്തന ജോലികൾ എഐക്ക് കൈമാറുന്നതിലൂടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നുവെന്നും അതുവഴി നവീകരണം, ശക്തമായ ബന്ധങ്ങൾ കെട്ടിപ്പടുക്കൽ തുടങ്ങിയ ഉയർന്ന മൂല്യമുള്ള റോളുകളിലേക്ക് മനുഷ്യ മൂലധനത്തിനെ നീക്കാൻ അനുവദിക്കുന്നു എന്നും സെമിനാർ ചൂണ്ടിക്കാട്ടി. സിഐഐ ദക്ഷിണ മേഖലാ ചെയർമാനും മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് ചെയർമാനുമായ തോമസ് ജോൺ മുത്തൂറ്റ് മേഖലയിലെ സാങ്കേതികവിദ്യയുടെ പ്രാധാന്യം എടുത്തുകാണിച്ചുകൊണ്ട് പ്രത്യേക പ്രഭാഷണം നടത്തി. എഐ ഉപയോഗിക്കുന്നതിലൂടെ, എംഎസ്എംഇകൾക്ക് പ്രധാനപ്പെട്ട കാര്യങ്ങൾക്കും, ജോലികൾക്കും, ഇടപെടലുകൾക്കും കൂടുതൽ സമയം കണ്ടെത്തുന്നതിന് സാധിക്കുന്നുവെന്ന് അദ്ദേഹം പറഞ്ഞു. അതിവേഗം വികസിച്ചുകൊണ്ടിരിക്കുന്ന വിപണിയിൽ എംഎസ്എംഇകൾക്ക് മത്സരശേഷി നിലനിർത്തുന്നതിന് ഏറ്റവും പുതിയ എഐ ഉപകരണങ്ങൾ തിരിച്ചറിഞ്ഞ് സ്വീകരിക്കേണ്ടത് നിർണായകമാണെന്ന് സിഐഐ കേരള ചെയർമാനും ഗ്ലെന്റോക്ക് റബ്ബർ പ്രോഡക്ട്സ് ലിമിറ്റഡിന്റെ എംഡിയുമായ ജോസഫ് എം. കള്ളിവയലിൽ പറഞ്ഞു. എഐ മനുഷ്യർക്ക് പകരമാകില്ലെങ്കിലും അതിലേക്കുള്ള മാറ്റം ഒരു എളുപ്പവഴിക്കപ്പുറം അനിവാര്യതയായി മാറിയെന്നും അതുകൊണ്ടുതന്നെ എഐ ഉപയോഗിക്കാത്തവരെ അത് ഉപയോഗിക്കുന്നവർ മറികടുക്കുമെന്നും മുൻ സിഐഐ കേരള ചെയർമാനും വികെസി ഫുട് വെയർ പ്രൈവറ്റ് ലിമിറ്റഡിന്റെ എംഡിയുമായ വി.കെ.സി റസാഖ് അഭിപ്രായപ്പെട്ടു.




# ഐ.എസ്.എസ്.എം.ജി.ഇ ഏഷ്യ വൈസ് പ്രസിഡന്റായി ഡോ. അനിൽ ജോസഫ്

**കൊച്ചി:** ഇന്ത്യൻ ജിയോടെക്നിക്കൽ സൊസൈറ്റി (ഐ.ജി.എസ്) പ്രസിഡന്റ് ഡോ. അനിൽ ജോസഫ് വടകുംതല ഇന്റർനാഷണൽ സൊസൈറ്റി ഫോർ സോയിൽ മെക്കാനിക്സ് ആന്റ് ജിയോടെക്നിക്കൽ എഞ്ചിനീയറിംഗ് (ഐ. എസ്. എസ്. എം. ജി. ഇ) ഏഷ്യ വൈസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഐ. ജി. എസ് പ്രസിഡന്റായും ഐ. എസ്. എസ് എം. ജി. ഇ വൈസ് പ്രസിഡന്റായും സേവനമനുഷ്ഠിക്കുന്ന ആദ്യ കേരളീയനായി അദ്ദേഹം. ജിയോടെക്നിക്കൽ എഞ്ചിനീയറിംഗ് രംഗത്തുള്ള സംഭാവനകൾക്ക് വലിയ അംഗീകാരമാണ് ഡോ. അനിൽ ജോസഫിന്റെ തെരഞ്ഞെടുപ്പ്. ഐ. ജി എസിന്റെ പ്രസിഡന്റ് എന്ന നിലയിൽ അദ്ദേഹം ഇന്ത്യയിലും ഏഷ്യയിലും ജിയോടെക്നിക്കൽ എഞ്ചിനീയർമാർ തമ്മിലുള്ള സഹകരണവും സാങ്കേതിക പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്.



# അരുൺ മാമ്മൻ ആത്മ ചെയർമാൻ

**കൊച്ചി:** രാജ്യത്തെ ടയർ നിർമാതാക്കളുടെ സംഘടനയായ ഓട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസിയേഷൻ (ആത്മ) ചെയർമാനായി എം.ആർ.എഫ് ലിമിറ്റഡ് വൈസ് ചെയർമാനും മാനേജിങ് ഡയറക്ടറുമായ അരുൺ മാമ്മൻ വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. ബ്രിഡ്ജ്സ്റ്റോൺ ഇന്ത്യ പ്രൈവറ്റ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ രാജർഷി മൊയ്ത്രയാണ് പുതിയ വൈസ് ചെയർമാൻ. ആത്മ ഡയറക്ടർ ജനറൽ ആയിരുന്ന രാജീവ് ബുധ് രാജ വിമരിച്ചതിനെ തുടർന്ന് അസിസ്റ്റന്റ് ഡയറക്ടർ ജനറലായിരുന്ന സഞ്ജയ് ചാറ്റർജിയെ ഡിജിയായി നിയമിച്ചു. ഏകദേശം ഒരു ലക്ഷം കോടി രൂപ (12 ബില്യൺ യുഎസ് ഡോളർ) വിറ്റുവരവുള്ള ഓട്ടോമോട്ടീവ് ടയർ വ്യവസായത്തെ പ്രതിനിധീകരിക്കുന്ന ആത്മ ഇന്ത്യയിലെ ടയർ ഉൽപ്പാദനത്തിന്റെ 80 ശതമാനത്തിലധികം കൈയാളുന്ന പ്രമുഖ ഇന്ത്യൻ കമ്പനികളും അന്താരാഷ്ട്ര കമ്പനികളും അംഗങ്ങളായുള്ള രാജ്യത്തെ പ്രധാന വ്യവസായ സംഘടനയാണ്. 1975 ലാണ് സംഘടന രൂപീകരിച്ചത്.



# ഇരകളോട് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഉത്സ ഹസാരികയുടെ'യന്ത്ര'



**കൊച്ചി:** കൊച്ചി മുസിരിസ് ബിനാലെയിലെ ഏറ്റവും വലുപ്പമുള്ള കലാപ്രതിഷ്ഠയാണ് ഫോർട്ട് കൊച്ചിയിലെ പെപ്പർ ഹൗസ് മുറ്റത്ത് ഒരുക്കിയിരിക്കുന്ന ഉത്സ ഹസാരികയുടെ 'യന്ത്ര'. അധികാരവാഴ്ചയ്ക്കും വെറുപ്പിനും യുദ്ധങ്ങൾക്കും ഇടയിൽ ഇരകളാക്കപ്പെട്ടവർക്കും അടിച്ചമർത്തപ്പെട്ടവർക്കും ഒപ്പമുള്ള ഐക്യദാർഢ്യമാണ് ഈ കലാപ്രതിഷ്ഠ.

ഡൽഹിയിലെ ജന്തർ മന്തറിനെയും അതിലെ സമ്രാട്ട് യന്ത്രത്തെയും ആസ്പദമാക്കിയാണ് സൃഷ്ടിയുടെ നിർമ്മാണം. പതിനെട്ടാം നൂറ്റാണ്ടിൽ സമയം, ദിശ, അക്ഷാംശം എന്നിവ കണക്കാക്കാൻ ഉപയോഗിച്ചിരുന്ന നിരീക്ഷണാലയത്തിന്റെ മാതൃകയാണിത്. മിറർ പാനലുകൾ ഘടിപ്പിച്ച സ്റ്റീൽ നിർമ്മിതിയിലൂടെ കൊച്ചിയുടെ ചക്രവാളം താഴേക്ക് നോക്കുമ്പോൾ കാണാൻ സാധിക്കും. ഭൂതകാലത്തെയും വർത്തമാനകാലത്തെയും കുറിച്ച് ചിന്തിക്കാൻ ഇത് കാഴ്ചക്കാരെ പ്രേരിപ്പിക്കുന്നു.
2024ൽ ന്യൂയോർക്കിലെ സോക്രട്ടീസ് ശിൽപവനത്തിൽ പ്രദർശിപ്പിച്ച തന്റെ ആദ്യ ശിൽപത്തിന്റെ വിപുലീകരിച്ച രൂപമാണിതെന്ന് ഉത്സ ഹസാരിക പറഞ്ഞു. കൊച്ചിയുടെ ചരിത്രം, വ്യാപാരം, കുടിയേറ്റം, കോളനിവാഴ്ച, അതിജീവനം എന്നിവയെല്ലാം കലാരൂപം ചർച്ച ചെയ്യുന്നു. ഡൽഹിയിലെ ജന്തർ മന്തർ പ്രതിഷേധങ്ങളുടെ പ്രതീകം കൂടിയാണെന്ന് കലാകാരി ഓർമ്മിപ്പിക്കുന്നുണ്ട്. അനീതിക്കെതിരായ പോരാട്ടത്തിന്റെ അടയാളമായാണ് അവർ ഇതിനെ അവതരിപ്പിക്കുന്നത്. കെട്ടിടത്തിനകത്തെ മുറിയിൽ രണ്ട് മതിലുകളെ ബന്ധിപ്പിക്കുന്ന ഉരുക്കിന്റെ നിർമ്മിതിയും അതിനുള്ളിൽ വിപ്ലവത്തിന്റെ പ്രതീകമായി മുല്ലച്ചെടികളുമുണ്ട്.

ഇന്ത്യയിലെ രാഷ്ട്രീയ തടവുകാരുടെ പേരുകൾ മോഴ്സ് കോഡിൽ ഇതിൽ രേഖപ്പെടുത്തിയിരിക്കുന്നു. സെൻസർഷിപ്പിനെ മറികടന്നുള്ള ആശയവിനിമയത്തെയാണ് ഇത് സൂചിപ്പിക്കുന്നത്. 'ബ്ലൂം ' എന്ന പേരിൽ പ്രദർശിപ്പിച്ചിരിക്കുന്ന മുല്ലച്ചെടികൾ കൊച്ചിയുടെയും ഡൽഹിയുടെയും അക്ഷാംശങ്ങളെ അടയാളപ്പെടുത്തുന്നു. നിയന്ത്രണങ്ങളെയും നിരീക്ഷണങ്ങളെയും അതിജീവിച്ച് പടരുന്ന സുഗന്ധത്തെ അതിജീവനത്തിന്റെ അടയാളമായി മുല്ലയെ അവർ കാണുന്നു. മുറിയിലെ ഭൂപടങ്ങളിലൂടെ 1492 മുതൽ മലബാറിലേക്ക് നടന്ന വിദേശ അധിനിവേശത്തിന്റെ ചരിത്രമാണ് വിവരിക്കുന്നത്. സൗഹൃദപരമായ വ്യാപാരം എങ്ങനെ ചൂഷണത്തിലേക്കും അടിച്ചമർത്തലിലേക്കും മാറിയെന്ന് 'ഇന്ത്യ 1492' എന്ന സൃഷ്ടി വ്യക്തമാക്കുകയാണ്. ഒഡീഷയിലെ ഖനന കമ്പനികൾക്കെതിരെ സ്വന്തം മണ്ണ് സംരക്ഷിക്കാൻ പോരാടുന്ന തദ്ദേശീയരുടെ ജീവിതമാണ് 'വി കനോട്ട് ലെറ്റ് ഗോ ഓഫ് ദിസ് എർത്ത്' എന്ന വീഡിയോ പറയുന്നത്. പ്രകൃതിയോട് ഇണങ്ങി ജീവിക്കുന്ന ജനത നേരിടുന്ന വെല്ലുവിളികൾ ഇതിൽ കാണാം. തന്റെ കല ചുറ്റുമുള്ള അതിക്രമങ്ങൾക്ക് നേരെയുള്ള കണ്ണാടിയാണെന്ന് ഉത്സ ഹസാരിക വിശദീകരിച്ചു.

# ഒബെൻ ഇലക്ട്രിക് ബൈക്കുകൾക്ക് നേട്ടം



**കൊച്ചി :** രാജ്യത്തുടനീളമുള്ള ഉപഭോക്താക്കൾ രണ്ട് വർഷത്തിനിടെ ഒബെൻ ഇലക്ട്രിക് മോട്ടോർസൈക്കിളുകളിൽ കൂടി 3.2 കോടിയിലധികം കിലോമീറ്റർ സഞ്ചരിച്ചതായി കമ്പനി അധികൃതർ അറിയിച്ചു. 2024 തുടക്കത്തിൽ നിന്ന് ശേഖരിച്ച ഡാറ്റ പ്രകാരം, കമ്പനിയുടെ റോർ ശ്രേണിയിലെ ബൈക്കുകൾ 85ലധികം നഗരങ്ങളിൽ ദിവസേനയുള്ള യാത്രകൾക്കായി വ്യാപകമായി ഉപയോഗിക്കപ്പെടുന്നു. കർണാടക, ഉത്തർ പ്രദേശ്, ഡൽഹി എന്നിവിടങ്ങളിൽ ഉപയോഗം ശ്രദ്ധേയമാണ്. ഇതിലൂടെ ഉപഭോക്താക്കൾ 8 കോടി ഇന്ധനച്ചെലവ് ലാഭിക്കുകയും 385 മെട്രിക് ടൺ കാർബൺ ഉത്സർജനം കുറയ്ക്കുകയും ചെയ്തു. വിപുലമായ സേവന ശൃംഖലയും 'ഒബെൻ കയർ ' സേവനവും സ്ഥിരത ഉറപ്പാക്കുന്നു.

## കലാകാരൻമാരെ പ്രഖ്യാപിച്ച് കോക്ക് സ്റ്റുഡിയോ ഭാരത്

**കൊച്ചി:** 'ദി ലിസ്റ്റ്' എന്ന പരിപാടിയുമായി കോക്ക് സ്റ്റുഡിയോ ഭാരത് നാലാം സീസണുമായി തിരിച്ചെത്തുന്നു. രേഖാ ഭരദ്വാജ്, ആദിത്യ റിഖാരി, കുത്‌ലെ ഖാൻ, ഖൈസർ നിസാമി, അർസ്ലാൻ നിസാമി, സ്വരിത് ശുക്ല, റാവേറ്റർ, ഫഹീം അബ്ദുള്ള, മധുർ ശർമ്മ, അശോക് മസ്കീൻ, വൈഭവ് പാനി, മുഹമ്മദ് ഫൈസ്, മമേ ഖാൻ, ഖാബ്, ഉത്പൽ ഉദിത് എന്നിവരാണ് നാലാം സീസണിൽ പങ്കെടുക്കുന്നത്. പ്രാദേശിക സംഗീത പാരമ്പര്യങ്ങളും സമകാലിക ശൈലികളും സംയോജിപ്പിക്കുന്ന സീസൺ 4ലെ ആദ്യ ഗാനം ഉടൻ പുറത്തിറങ്ങും.




RNI No:KERMAL/2018/76135 Society Today Magazine-Special Issue-Private circulation, Kochi-26, 0484-3512288 , Kerala.E-mail-societytodaynews@gmail.com